**KANNUR UNIVERSITY**
**OFFICE OF REGISTRAR**

**No. KU/RO/CIRCULARS** **Dated: 13.03.2020**

## CIRCULAR

Sub:- കോവിഡ്-19 വൈറസ് വ്യാപനം - സുരക്ഷാ ക്രമീകരണങ്ങൾ - സംബന്ധിച്ച്

Ref :- (1). 10.03.2020 തീയതിയിലെ ACAD.D2/761-2020 നമ്പർ സർക്കുലർ

(2).10.03.2020 തീയതിയിലെ കേരള സർക്കാരിൽ നിന്നു വന്ന സിഡിഎൻ4/50/2020/പൊഭവ നമ്പർ സർക്കുലർ

(3). യു.ജി.സിയുടെ 05.03.2020 തീയതിയിലെ D.O.NO.F.NO.1-14/2020(Website) നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെ തുടർന്ന് അതീവജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ ആസ്ഥാനത്തും, മറ്റു ക്യാംപസുകളിലും, സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന കോളേജുകളിലും പാലിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ വൈസ് ചാൻസലർ നൽകിയ അനുമതി പ്രകാരം താഴെ ചേർക്കുന്നു.നഷ്ടപ്പെട്ട ക്ലാസ് ദിനങ്ങൾ നികത്തുന്നത് സംബന്ധിച്ച് സർവ്വകലാശാല പിന്നീട് അറിയിപ്പ് നൽകുന്നതാണ്

1.സൂചന (1) പ്രകാരം സർവ്വകലാശാലയുടെ അധികാര പരിധിയിലുള്ള പഠനവകുപ്പുകൾ , സെൻററുകൾ, കോളേജുകൾ , ഹോസ്റ്റലുകൾ എന്നിവയ്ക്ക് മാർച്ച് 31 വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.ഇത് ഗവേഷണ വിദ്യാർത്ഥികൾക്ക് കൂടി ബാധകമായിരിക്കും. എന്നാൽ ഈ കാലയളവിൽ പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ താമസിക്കാനുള്ള സൗകര്യമൊരുക്കേണ്ടതാണ്.

2. പഠന വകുപ്പുകളിലെ അദ്ധ്യാപകർ മാർച്ച് 31നുള്ളിൽ നഷ്ടപ്പെടുന്ന അദ്ധ്യയന ദിനങ്ങൾ ഏപ്രിൽ,മെയ് മാസങ്ങളിൽ ജോലി ചെയ്ത് നികത്തേണ്ടതാണ്.

3.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12/03/2020 ലെ സർക്കുലർ നമ്പർ G4/5155/2020/കോ.വി.വ പ്രകാരം,.കോളേജിന്റെ അക്കാദമിക കാര്യങ്ങളും മറ്റ് പ്രവർത്തനങ്ങളും നടക്കുന്നതിന് ഗസ്റ്റ് അധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ അധ്യാപക ജീവനക്കാരും മാർച്ച് 31 വരെ കോളേജിൽ ഹാജരാവേണ്ടതാണ്.

4.സർവ്വകലാശാല ആസ്ഥാനത്തും, മറ്റു ക്യാമ്പസുകളിലും, കോളേജുകളിലും മാർച്ച് 31 വരെയുള്ള കാലയളവിൽ ഒത്തുചേരലുകൾ ഒഴിവാക്കേണ്ടതാണ്. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഓപ്പൺ ഡിഫെൻസ്, കലാപരിപാടികൾ, സമ്മേളനങ്ങൾ, മറ്റു യോഗങ്ങൾ മുതലായവ ഈ കാലയളവിൽ നടത്താൻ പാടുള്ളതല്ല. എന്നാൽ ഇതിനകം നിശ്ചയിച്ച മുഖാമുഖങ്ങൾ നടത്തുന്നതായിരിക്കും.

5.സൂചന (2) പ്രകാരം ബയോമെട്രിക് പഞ്ചിങ് വഴിയുള്ള ഹാജർ രേഖപ്പെടുത്തൽ നിർത്തി വെയ്ക്കാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളതിനാൽ ഹാജർ ബുക്ക് ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തേണ്ടതും, ഇത് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട ബ്രാഞ്ച് മേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

6.അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ വിദ്യാർത്ഥികളും, പൊതുജനങ്ങളും സർവ്വകലാശാല ആസ്ഥാനം, ഹെർമൻ ഗുണ്ടർട്ട് സെൻട്രൽ ലൈബ്രറി എന്നിവ സന്ദർശിക്കുന്നത് ഒഴിവാക്കുകയും , ടെലിഫോൺ , ഇ-മെയിൽ , തപാൽ മാർഗ്ഗങ്ങളിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യേണ്ടതാണ് . അപേക്ഷകളോ മറ്റു രേഖകളോ ജീവനക്കാർ നേരിട്ട് സ്വീകരിക്കുന്നത് ഒഴിവാക്കുകയും പകരമായി അപേക്ഷകൾ ഇതിനായി സജ്ജീകരിച്ചിരിക്കുന്ന പെട്ടികളിൽ നിക്ഷേപിക്കുകയോ, തപാൽ വഴി അയക്കുകയോ ചെയ്യേണ്ടതാണ്.

7.വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ ഒടുക്കേണ്ടുന്ന വിവിധ ഫീസുകൾ അടയ്ക്കാനായി ക്യാഷ് കൗണ്ടറിൽ നേരിട്ട് വരുന്നതിന് പകരം ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

8.രോഗവ്യാപനം തടയുന്നതിന് സർക്കാരിൽ നിന്നും സമയാസമയങ്ങളിൽ ലഭിക്കുന്ന ശുചിത്വ/ സുരക്ഷാ സംബന്ധിയായ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച കാര്യങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്

*Sd/-*

**MOHAMMED E V P**

REGISTRAR (i/c)

For REGISTRAR